**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിക്കായി നിലവിൽ ഒരു കുട്ടിക്ക് എത്ര രൂപയാണ് അനുവദിച്ച നൽകുന്നത്; പ്രസ്തുത തുക അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; കുട്ടികളുടെ ഉച്ചഭക്ഷണ മെനുവിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | സ്കൂൾ പ്രവൃത്തിദിനങ്ങൾ കണക്കാക്കി ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br><br>സ്ളാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ<br><br>സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ<br><br>സ്ളാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ<br><br>ചോറും ഇലവർഗ്ഗങ്ങളടക്കമുള്ള പച്ചക്കറികളും പയർവർഗ്ഗങ്ങളും ഉപയോഗിച്ച് തയ്യാറാക്കുന്ന പോഷകപ്രദവും ഗുണമേന്മയുള്ളതുമായ രണ്ട് കറികൾ ഉൾപ്പെടുന്നതാണ് ഉച്ചഭക്ഷണ മെനു. ഇതോടൊപ്പം, സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി പാൽ (150 മില്ലിലിറ്റർ വീതം ആഴ്ചയിൽ രണ്ട് ദിവസം), മുട്ട/ നേന്ത്രപ്പഴം (ആഴ്ചയിൽ ഒരു ദിവസം) എന്നിവയും കുട്ടികൾക്ക് നൽകി വരുന്നു. |
| (ബി) | ഭക്ഷ്യവസ്തുക്കളുടെ വിപണി വിലയുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക വളരെ പരിമിതമാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വിപണിയിലെ വിലനിലവാരത്തിന് അനുസൃതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്ക്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ നാളിതുവരെ എത്ര തുക അധ്യാപകർക്ക് വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ; കുടിശിക തുക | (സി) | 2023 ജൂൺ, ജൂലൈ മാസങ്ങളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ സ്കൂളുകൾക്ക് 83.49 കോടി രൂപ വിതരണം ചെയ്യുവാനുണ്ട്. പദ്ധതിക്കുള്ള ആദ്യ ഗഡു കേന്ദ്രവിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | കേന്ദ്ര വിഹിതം ലഭ്യമായാൽ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് സ്കൂളുകൾക്ക് കുടിശ്ശികയുള്ള തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ